**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ശുദ്ധമായ ലഹരിയുണ്ടായിരിക്കണം ശ്രീമതത്തിലൂടെ നമ്മൾ നമ്മുടെ തന്നെ ശരീരം-മനസ്സ്-ധനത്തിലൂടെ വിശേഷിച്ച് ഭാരതത്തെയും പൊതുവായി മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കുന്നതിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം:-** നിങ്ങൾ കുട്ടികളിലും ഏറ്റവും അധികം സൗഭാഗ്യശാലിയെന്ന് ആരെ പറയും?
**ഉത്തരം:-** ആരാണോ ജ്ഞാനത്തെ നല്ല രീതിയിൽ ധാരണ ചെയ്ത് മറ്റുള്ളവരെയും ചെയ്യിപ്പിക്കുന്നത്, അവർ വളരെ വളരെ സൗഭാഗ്യശാലികളാണ്. അഹോ സൗഭാഗ്യം നിങ്ങൾ ഭാരതവാസി കുട്ടികളുടേതാണ്, നിങ്ങളെ സ്വയം ഭഗവാനിരുന്ന് രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സത്യം സത്യമായ മുഖ വംശാവലീ ബ്രാഹ്മണരായിരിക്കുകയാണ്. നിങ്ങളുടെ ഈ വൃക്ഷം പതുക്കെ പതുക്കെ വലുതാകും. വീടു-വീടുകളെ സ്വർഗ്ഗമാക്കുന്നതിന്റെ സേവനം നിങ്ങൾക്ക് ചെയ്യണം.

**ഓം ശാന്തി.** നമ്മൾ സൈന്യമാണെന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. നിങ്ങൾ വളരെ ശക്തിശാലിയാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ സർവ്വ ശക്തിവാന്റെ ശിവ ശക്തി സേനയാണ്. ഇത്രയും ലഹരി കയറണം. ബാബയിവിടെ ലഹരി കയറ്റുന്നു, വീട്ടിൽ പോകുന്നതോടു കൂടി മറക്കുന്നു. നിങ്ങൾ ശിവ ശക്തി സേന എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? രാവണന്റെ ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന മുഴുവൻ ലോകത്തേയും മോചിപ്പിക്കുകയാണ്. ഇവർ ശോകവാടികയിലാണ്. വിമാനത്തിൽ ചുറ്റകറങ്ങുകയാണ്, വലിയ വലിയ കെട്ടിടങ്ങളുണ്ട്, പക്ഷെ ഇതെല്ലാം നശിക്കുന്നതാണ്. ഇതിനെ മരീചിക (മൃഗതൃഷ്ണ) പോലെയുള്ള രാജ്യമെന്ന് പറയപ്പെടുന്നു. പുറത്ത് നിന്ന് നോക്കുമ്പോൾ ഒരുപാട് ഷോയുണ്ട്, ഉള്ളിൽ പൊള്ളയായി അനുഭവപ്പെടുന്നു. ദ്രൗപതിയുടെ ഉദാഹരണവുമുണ്ട്. ബാബ പറയുന്നു ഞാൻ എപ്പോഴാണോ വന്നിട്ടുണ്ടായിരുന്നത് അപ്പോൾ ഇതെല്ലാം ഉണ്ടായിരുന്നു ഏതെല്ലാമാണോ ഇപ്പോൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന വിഭജനവും ഇപ്പോൾ ഉണ്ടായതാണ്. ബാക്കി യുദ്ധത്തിന്റെ മൈതാനം മുതലായ ഒന്നിന്റെയും കാര്യമില്ല. ഈ രഥത്തിലാണ് ശിവബാബ ആസനസ്ഥനായി കുട്ടികൾക്ക് ജ്ഞാനം നൽകുന്നത്. നിങ്ങൾ ഭാരതത്തിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഭാരതത്തിൽ ആഘോഷിച്ചു വരുന്ന ഏതെല്ലാം ഉത്സവങ്ങളുണ്ടോ- അതെല്ലാം ഇപ്പോഴത്തെയാണ്. മുക്കണ്ണിന്റെ കഥ, ഗീതയുടെ കഥ, ശിവ പുരാണം, രാമായണം മുതലായ എല്ലാം ഈ സമയത്തേക്ക് വേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. സത്യ-ത്രേതായുഗത്തിലാണെങ്കിൽ ഈ കാര്യമില്ല. പിന്നീടാണ് ശാസ്ത്രം ഉണ്ടാക്കാൻ തുടങ്ങിയത്. അതാണെങ്കിൽ വീണ്ടും ഉണ്ടാക്കും. നിങ്ങൾ കുട്ടികൾ എല്ലാം മനസ്സിലാക്കി. മുമ്പ് വളരെയധികം കൂരിരുട്ടിലായിരുന്നു. ഈ സമയം ആരും തന്നെ സൃഷ്ടി ചക്രത്തെ യഥാർത്ഥ രീതിയിൽ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശുദ്ധ അഹങ്കാരമുണ്ടായിരിക്കണം. നിങ്ങൾ ശരീരം മനസ്സ് ധനത്തിലൂടെ ഭാരതത്തിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്, ഭാരതത്തിന്റെ മാത്രമല്ല മുഴുവൻ ലോകത്തിന്റെയും. ബാബയുടെ സഹായത്താൽ നമ്മൾ മുക്തി ജീവൻമുക്തിയുടെ വഴി പറഞ്ഞു കൊടുക്കുന്നു. നിങ്ങൾ ശ്രീമതത്തിലൂടെ ഈ സേവനം ചെയ്യുന്നു. ശ്രീമതം ശിവബാബയുടെയാണ്. പക്ഷെ ശിവന്റെ പേര് അപ്രത്യക്ഷമാക്കിയിരിക്കുന്നു. ബാക്കി ബ്രഹ്മാവിന്റെ അഭിപ്രായവും ശ്രീകൃഷ്ണന്റെ അഭിപ്രായവും കാണിച്ചിരിക്കുന്നു. എന്നിട്ടും കൃഷ്ണനെ ദ്വാപരത്തിലേക്ക് കൊണ്ടു പോയിരിക്കുന്നു. നിങ്ങൾ ഭാരതത്തെ സ്വർഗ്ഗം അർത്ഥം വജ്ര സമാനമാക്കി മാറ്റുന്നു. പക്ഷെ എത്ര സാധാരണമാണ്, ഒരു അഹങ്കാരവുമില്ല. നിങ്ങൾക്ക് ഇവിടെ തന്റേതായ എല്ലാം സ്വാഹാ ചെയ്യണം, ശിവബാബയുടെ മേൽ പൂർണ്ണമായി ബലിയർപ്പിക്കണം. അപ്പോൾ ശിവബാബ പിന്നീട് 21 ജന്മം ബലിയർപ്പിക്കുന്നു. ബാബ ഗൃഹസ്ഥ വ്യവഹാരത്തെ സംരക്ഷിക്കരുതെന്ന് പറയുന്നില്ല. അതും സംരക്ഷിക്കണം, എന്നാൽ ശ്രീമതത്തിലൂടെ. അവിനാശീ സർജനോട് ഒന്നും ഒളിപ്പിച്ച് വെക്കരുത്. പാടപ്പെടുന്നുമുണ്ട് ഗുരുവില്ലെങ്കിൽ ഘോരമായ അന്ധകാരമാണ്. ഇത് ബ്രഹ്മാ ദാദയും പറയുന്നു ശിവബാബയില്ലാതെ ഞാനും നിങ്ങളും തികച്ചും ഘോരമായ അന്ധകാരത്തിലായിരുന്നു. അവരാണെങ്കിൽ ശിവ, ശങ്കരനെ ഒന്നാക്കിയിരിക്കുന്നു. ബ്രഹ്മാവാരാണ്? എപ്പോൾ വരുന്നു? വന്ന് എന്താണ് ചെയ്യുന്നത്? ഓരോ കാര്യങ്ങളും മനസ്സിലാക്കേണ്ടതുണ്ടല്ലോ. മൃഗങ്ങളൊന്നും മനസ്സിലാക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് അറിഞ്ഞു കഴിഞ്ഞു. വിദ്വാൻ, പണ്ഢിതൻ മുതലായ ആരും തന്നെ അറിയുന്നില്ല സത്ഗുരുവില്ലെങ്കിൽ ഘോരമായ അന്ധകാരമാണെന്ന്. ഗുരു ജനങ്ങൾ അനേകമുണ്ട്. എല്ലാവരുടെയും സത്ഗുരു ഒന്ന് മാത്രമാണ്, അവരെ വൃക്ഷപതിയെന്ന് പറയുന്നു. അതിനാൽ നിങ്ങൾ കുട്ടികൾക്ക് ലഹരി വർദ്ധിക്കണം. ഈ ലോകം എന്താണോ ഈ കണ്ണുകൾ കൊണ്ട് കണ്ടു

കൊണ്ടിരിക്കുന്നത്, അത് അവശേഷിക്കുകയില്ല. എന്താണോ ഇപ്പോൾ ബുദ്ധികൊണ്ട് അറിയുന്നത് അത് ഉണ്ടാകുന്നു. അതിനാൽ ഈ പഴയ ലോകത്തോടുള്ള മമത്വം ഇല്ലാതാക്കണം. കുട്ടികളെയും സംരക്ഷിക്കണം. ബാബക്ക് എത്രയധികം കുട്ടികളാണ്. ചിലരാണെങ്കിൽ പറയുന്നു ബാബാ ഞാൻ ബാബയുടെ രണ്ട് മാസത്തെ കുട്ടിയാണ്. ചിലർ പറയുന്നു ഒരു മാസത്തെ കുട്ടിയാണ്. ഒരു മാസത്തെ കുട്ടി പോലും പെട്ടന്ന് ധാരണ ചെയ്ത് ഒറ്റയടിക്ക് യുവാവായിത്തീരുന്നു വേറെ ചിലരാണെങ്കിലോ 20 വർഷമായും കുള്ളനായിക്കഴിയുന്നു. ഇതാണെങ്കിൽ നിങ്ങൾക്കറിയാം പുതിയ വൃക്ഷമാണ്, പതുക്കെ പതുക്കെ അഭിവൃദ്ധി പ്രാപിക്കും. തീർച്ചയായും ആദ്യം ഇലകൾ വരും. ശേഷം പൂവ് വരും. ഇവിടെയും പൂവായി മാറണം. അവിടെ എല്ലാം പൂവ് തന്നെ പൂവാണ്. ഇവിടെയാണെങ്കിൽ ചിലർ റോസാപൂ, ചിലർ ചെമ്പകത്തിന്റേതായിത്തീരുന്നു. ഏതുപോലെയാണോ ധാരണ അതുപോലെയുള്ള പദവി ലഭിക്കുന്നു. അവിടെ പൂവിന്റെ കാര്യമില്ല. പദവിയുടെ കാര്യമാണ്. അതിനാൽ ഈ ലഹരിയുണ്ടായിരിക്കണം നമ്മൾ ഈ കണ്ണുകൾ കൊണ്ട് പവിത്രമായ ശിവാലയം സ്വർഗ്ഗം കാണും. പകുതി കല്പം കേവലം പറഞ്ഞിരുന്നു ഇന്നയാൾ സ്വർഗ്ഗം പൂകീ എന്ന്. ആ ആഗ്രഹം പ്രായോഗത്തിൽ ബാബ തന്നെ ഇപ്പോൾ പൂർത്തീകരിച്ചു തരുന്നു.

ഇപ്പോൾ നിങ്ങൾ ബാബയുടെ കുട്ടികളായി മാറിയിരിക്കുകയാണ് അതിനാൽ ഭാരതത്തിന്റെ ഖനി സമൃദ്ധമായിരിക്കുന്നു. 33 കോടി ദേവതയെന്ന് പാടപ്പെടുന്നു, അവർ ഇത്രയും ആരും സത്യ-ത്രേതാ യുഗത്തിൽ ഉണ്ടായിരിക്കുകയില്ല. ഇതാണെങ്കിൽ മുഴുവൻ ഭാരതത്തിന്റെ ദേവീ ദേവതാ ധർമ്മത്തിന്റെ ജനസംഖ്യയാണ്. പുറമേ നോക്കുകയാണെങ്കിൽ എത്ര അഭിപ്രായ വ്യത്യാസമാണ്. ചൈന-ജപ്പാൻ ബൗദ്ധികളാണ്, ബുദ്ധന്റെ പേരിലാണെങ്കിലും എത്ര അഭിപ്രായ വ്യത്യാസങ്ങളാണ്. ഇവിടെ ഭാരതത്തിലാണെങ്കിൽ ശിവബാബയെ മാറ്റിയിരിക്കുന്നു, തീർത്തും അറിയുക പോലുമില്ല. ചിത്രമുണ്ട്, പാടുന്നുമുണ്ട്, നന്ദീഗണവുമുണ്ട് എന്നാൽ അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, ബാബ പറഞ്ഞു തന്നിട്ടുണ്ട് നമ്മൾ പരംധാമത്തിൽ നിന്ന് വന്ന് ഇവിടെ ഈ ശരീരമെടുത്ത് പാർട്ടഭിനിയിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങൾ ചക്രത്തെ അറിഞ്ഞു കഴിഞ്ഞു. ജ്ഞാനാഞ്ജനം സത്ഗുരു നൽകി, അജ്ഞാന അന്ധകാരം വിനാശമായി. മുമ്പാണെങ്കിൽ ഒന്നും അറിയുമായിരുന്നില്ല. ഇപ്പോൾ പരിധിയില്ലാത്ത ബാബയെ, രചയിതാവും സംവിധായകനും മുഖ്യ അഭിനേതാവിനെയും നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. 84 ജന്മം ആർക്കാണ് എടുക്കേണ്ടത്! ആര് എടുക്കും, അത് നിങ്ങൾക്കറിയാം. ഇപ്പോൾ നിങ്ങളുടെ മൂന്നാമത്തെ നേത്രം തുറന്നിരിക്കുന്നു അതിനാൽ ഇത്രയും ലഹരിയുണ്ടായിരിക്കണം. മനുഷ്യർ മദ്യം കഴിക്കുമ്പോൾ സമ്പത്തെല്ലാം നഷ്ടപ്പെട്ടാലും ലഹരിയിൽ മനസ്സിലാക്കുന്നു ഏറ്റവും വലിയ സമ്പന്നനാണ് ഞാൻ എന്ന്. ബാബ വൈഷ്ണവനായിരുന്നു, ഒരിക്കലും തൊട്ടിട്ടില്ല. ബാക്കി കേട്ടിട്ടുണ്ട് മദ്യപിച്ചു ലഹരി കയറി എന്ന്. പറയുന്നു യാദവർ മദ്യം കുടിച്ചു, മിസൈൽ(മൂസലം) പുറത്ത് വന്നു പരസ്പരം കുല നാശം ചെയ്തു. ഇവിടെയും സൈന്യത്തെ മദ്യം കുടിപ്പിക്കുന്നു അപ്പോൾ മരിക്കുന്നതിന്റെയും കൊല്ലുന്നതിന്റെയും വിഷമമുണ്ടായിരിക്കില്ല. ലഹരി വർദ്ധിക്കുന്നു. അതിനാൽ നിങ്ങൾ കുട്ടികൾക്കും സദാ നാരായണീ ലഹരിയുണ്ടായിരിക്കണം. നമ്മൾ കല്പം മുമ്പത്തെ അതേ ശക്തി സേനയാണ്. അനേകം തവണ നമ്മൾ ഭാരതത്തെ വജ്ര സമാനമാക്കി മാറ്റിയിട്ടുണ്ട്, ഇതിൽ ആശയകുഴപ്പത്തിന്റെ കാര്യമില്ല. സംശയ ബുദ്ധി നശിക്കും, നിശ്ചയ ബുദ്ധി വിജയിക്കും. സംശയ ബുദ്ധി ഉയർന്ന പദവി നേടുകയില്ല. പ്രജയിൽ കുറഞ്ഞ പദവി നേടും. അവിടെയാണെങ്കിൽ നിങ്ങളുടെ കൊട്ടാരങ്ങളിൽ സദാ വാദ്യം മുഴങ്ങികൊണ്ടിരിക്കും. ദുഃഖത്തിന്റെ കാര്യം തന്നെയില്ല. മുൻപ് രാജാക്കന്മാരുടെ കൊട്ടാരങ്ങളിൽ വാതിലിന് വെളിയിൽ ഉയർന്ന തറയിൽ ഷഹണായി ( ഒരുതരം വാദ്യോപകരണം) മുഴക്കിയിരുന്നു. ഇപ്പോഴാണെങ്കിൽ ആ രാജാക്കന്മാരുടെ ഭരണം അവസാനിച്ചിരിക്കുന്നു. പ്രജയുടെ രാജ്യമായിരിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ പവിത്രമായി മാറി യോഗത്തിലിരുന്ന് ചക്രത്തെ ഓർമ്മിച്ചോർമ്മിച്ച് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റും, എന്നാൽ ഒരുപാട് കുട്ടികൾ മറന്നു പോകുന്നു. ബാബ നിർദ്ദേശം നൽകുന്നു ഏറ്റവും നല്ല കർത്തവ്യം നിർധനരുടെ സേവനം ചെയ്യലാണ്. ഇന്നത്തെക്കാലത്ത് നിർധനർ ഒരുപാടുണ്ട്. മനുഷ്യർ ഒരുപാട് ആശുപത്രികൾ ഉണ്ടാക്കുന്നു അതിലൂടെ രോഗികൾക്ക് സുഖം ലഭിക്കുന്നു, ആരാണോ ആശുപത്രി തുറക്കുന്നത് അവർക്ക് അടുത്ത ജന്മത്തിൽ കുറച്ച് നല്ല ശരീരം ലഭിക്കും, രോഗിയാവില്ല. ചില-ചിലർ നല്ല ആരോഗ്യവാന്മാരാകുന്നു, വിരളം ചിലർ രോഗിയാവുന്നു. അതിനാൽ കഴിഞ്ഞ ജന്മത്തിൽ ആരോഗ്യത്തിന്റെ ദാനം നൽകിയിട്ടുണ്ടാവും. അതാണ് ആശുപത്രി തുറക്കൽ. ചിലർ പഠിപ്പിൽ വളരെ സമർത്ഥരാകുന്നു അതിനാൽ തീർച്ചയായും വിദ്യയുടെ ദാനം നൽകിയിട്ടുണ്ടാവും. ചില-ചില സന്യാസിമാർ ചെറുപ്പത്തിൽ തന്നെ ശാസ്ത്രം നന്നായി പറയുന്നു അപ്പോൾ പറയും കഴിഞ്ഞ ജന്മത്തിന്റെ ആത്മ സംസ്ക്കാരവും കൊണ്ടാണ് വന്നിരിക്കുന്നത്. അതിനാൽ ഇവിടെയും ചിലർ 3 അടി ഭൂമിയെടുത്ത് ഈ

ആത്മീയ ഹോസ്പിറ്റൽ തുറന്ന് എഴുതുന്നു വന്ന് 21 ജന്മത്തേക്ക് ആരോഗ്യത്തിന്റെ സമ്പത്ത് ബാബയിൽ നിന്ന് എടുക്കൂ. എത്ര സഹജമായ കാര്യമാണ്. നിങ്ങൾ ചോദിക്കണം പറയൂ ലക്ഷ്മീ നാരായണന് ഈ സമ്പത്ത് നൽകിയതാരാണ്, അപ്പോൾ ചോദിക്കുന്നയാൾക്ക് സ്വയം അറിവുണ്ടായിരിക്കും. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. എങ്ങനെ രചിക്കുന്നു, ഇരിക്കുകയാണെങ്കിൽ അത് ഞങ്ങൾ മനസ്സിലാക്കി തരാം. ഞങ്ങളും അവരിൽ നിന്ന് സമ്പത്ത് എടുത്തു കൊണ്ടിരിക്കുകയാണ്. ശിവബാബ, ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യിപ്പിച്ചു കൊണ്ടിരിക്കുകയാണ് പിന്നീട് പാലനയും ഇദ്ദേഹം തന്നെ ചെയ്യും. ശങ്കരനിലൂടെ വിനാശവും ഉണ്ടാവണം. വിനാശം തീർച്ചയായും നരകത്തിന്റേതായിരിക്കുമല്ലോ. പുതിയ ലോകം ഇപ്പോൾ ഉണ്ടാക്കി കൊണ്ടിരിക്കുകയാണ്. ചെറിയ ബാഡ്ജിലൂടെ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കണം ബ്രഹ്മാവിലൂടെ സ്ഥാപന നടന്നു കൊണ്ടിരിക്കുകയാണ്. ഇതാണ് രാജയോഗം. മനുഷ്യനിൽ നിന്ന് ദേവതയായി മാറണം, ആരാണോ തന്റെ കുലത്തിലുള്ളവർ അവർക്ക് പെട്ടെന്ന് ഹൃദയത്തിൽ തറക്കും. അവരുടെ മുഖം തന്നെ തിളങ്ങും പുരുഷാർത്ഥത്തിലൂടെ തന്റെ സമ്പത്ത് നേടും. ആരാണോ തന്റെ ബ്രാഹ്മണ കുലത്തിലുള്ളവർ – അവർക്ക് തീർച്ചയായും ശൂദ്ര കുലത്തിൽ നിന്ന് മാറണം, ഇത് ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. നിങ്ങൾ ഭാരതത്തിന്റെ സേവനം വളരെയധികം ചെയ്യുന്നു എന്നാൽ ഗുപ്തമാണ്. മുൻപും ഇപ്രകാരം ചെയ്തിരുന്നു. ഇപ്പോൾ ഡ്രാമയെ നല്ല രീതിയിൽ മനസ്സിലാക്കണം. പാടപ്പെടുന്നുണ്ട് താങ്കൾ മരിച്ചാൽ ലോകം തന്നെ മരിക്കും. ബാക്കി ആത്മാക്കൾ അവശേഷിക്കുന്നു. ആത്മാവ് മരിക്കുന്നില്ല. ആത്മാവ് ശരീരത്തിൽ നിന്ന് വേറിടുകയാണ് അതിനാൽ അതിന് വേണ്ടി ലോകം തന്നെ ഉണ്ടായിരിക്കില്ല. പിന്നെ എപ്പോൾ ശരീരത്തിൽ വരുന്നോ അപ്പോൾ അച്ഛൻ, അമ്മ മുതലായ സംബന്ധം പുതിയതുണ്ടാവും. ഇവിടെയും നിങ്ങൾക്ക് അശരീരീ ആകണം. ഇപ്പോഴാണെങ്കിൽ ഈ ലോകം പ്രാക്ടിക്കലിൽ ഇല്ലാതാവുകയാണ്.

ബാബ പറയുന്നു എന്നെ ഓർമ്മിച്ചു കൊണ്ടിരിക്കൂ എങ്കിൽ വികർമ്മങ്ങളുടെ ഏതെല്ലാം ഭാരമുണ്ടോ അത് ഇറങ്ങുകയും നിങ്ങൾ സമ്പൂർണ്ണരായി മാറുകയും ചെയ്യും. കുട്ടികളുടെ പെരുമാറ്റം വളരെ നല്ലതായിരിക്കണം. സംസാരം, നടത്തം, കഴിക്കൽ, കുടിക്കൽ.... വളരെ കുറച്ച് സംസാരിക്കണം. രാജാക്കന്മാർ വളരെ കുറച്ചും പതുക്കെയുമാണ് സംസാരിക്കുന്നത്, മിണ്ടാതിരിക്കുന്നു. നിങ്ങളിലും വളരെയധികം സഭ്യതയുണ്ടായിരിക്കണം. ദേവതമാരിൽ പൂർണ്ണതയുണ്ടായിരുന്നു. ഇവിടെയാണെങ്കിൽ മനുഷ്യർ വാനരന്മാരെ പോലെയാണ് അതിനാൽ അപൂർണ്ണരാണ്. ഒട്ടും ബുദ്ധിയില്ല. പരിധിയില്ലാത്ത ബാബ ആരാണോ സൃഷ്ടിയെ സ്വർഗ്ഗമാക്കുന്നത്, അവരെ കല്ലിലും മുള്ളിലും പട്ടിയിലും പൂച്ചയിലും എല്ലാത്തിലും തള്ളിയിട്ടിരിക്കുന്നു. മായ ഒറ്റയടിക്ക് ബുദ്ധിയെ ഗോദ്റേജിന്റെ പൂട്ടിട്ട് പൂട്ടിയിരിക്കുന്നു. ഇപ്പോൾ ബാബ വന്ന് പൂട്ട് തുറക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ എത്ര ബുദ്ധിവാനായി മാറിയിരിക്കുന്നു. ശിവബാബ, ബ്രഹ്മാ, വിഷ്ണു, ശങ്കർ, ലക്ഷ്മീ–നാരായണൻ, ജഗദംബാ തുടങ്ങിയ എല്ലാവരുടെയും ജീവചരിത്രം നിങ്ങൾക്കറിയാം. ഇപ്പോൾ നിങ്ങൾക്ക് സത്ഗുരുവായ ശിവബാബയിൽ നിന്ന് പൂർണ്ണമായി അറിവ് ലഭിച്ചിരിക്കുന്നു. ബാബ നോളേജ്ഫുൾ ആണല്ലോ. ഓരോരുത്തരും അവരവരുടെ ഹൃദയത്തോട് ചോദിക്കുകയാണെങ്കിൽ അറിയാം നമുക്കും ഒന്നും അറിയുമായിരുന്നില്ല. വാനരനെ പോലെയുള്ള പെരുമാറ്റമായിരുന്നു. ഇപ്പോൾ നമുക്കെല്ലാം അറിയാം. ബാബ എങ്ങനെയാണ് പുതിയ രചന രചിക്കുന്നതെന്ന്. ഉയർന്നതിലും വെച്ച് ഉയർന്ന ബ്രാഹ്മണ കുലം രചിക്കുന്നു അത് നിങ്ങൾക്കറിയാം. മൂർത്തി ആരാണോ പൂജ്യർ അവർ ഒന്നും സംസാരിക്കുകയില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മൾ തന്നെയാണ് പൂജ്യരും പിന്നീട് പൂജാരിയുമാകുന്നതെന്ന്.

ഇപ്പോൾ നിങ്ങൾ സത്യം സത്യമായ ബ്രഹ്മാ മുഖവംശാവലീ ബ്രാഹ്മണരാണ്. നിങ്ങൾക്കറിയാം സംഗമ യുഗത്തിൽ എങ്ങനെയാണ് സത്യയുഗത്തിന്റെ രചനയുണ്ടാവുന്നത്, ഇത് മറ്റാർക്കും അറിയുകയില്ല. വക്കീലിന് പഠിച്ചാൽ എന്തായിത്തീരും? ഭഗവാനും വന്ന് സഹജമായ രാജയോഗം പഠിപ്പിക്കുകയാണ്. ഭാരതവാസീ കുട്ടികളുടേത് അഹോ സൗഭാഗ്യം.... നിങ്ങളിലും സൗഭാഗ്യശാലി അവരാണ് ആരാണോ നല്ല രീതിയിൽ ധാരണ ചെയ്യുകയും മറ്റുള്ളവരെ കൊണ്ട് ചെയ്യിക്കുകയും ചെയ്യുന്നത്. മുന്നോട്ട് പോകവെ അനേകം വീടുകൾ സ്വർഗ്ഗമാകും. വൃക്ഷം പതുക്കെ പതുക്കെ വലുതാകുന്നു. പരിശ്രമമുണ്ട്. എത്ര ഉയരത്തിൽ പോകുന്നോ അത്രയും മായയുടെ കൊടുങ്കാറ്റ് തീവ്രതയോടെ വരും. പർവ്വതത്തിന് മുകളിൽ എത്ര ഉയരത്തിൽ പോകുന്നോ അത്രയും കൊടുങ്കാറ്റ്, തണുപ്പ് മുതലായവ നേരിടേണ്ടി വരും. സേവനത്തിൽ എത്ര സമയം ലഭിക്കുന്നോ അത്രയും നല്ലതാണ്, പരസ്യം ചെയ്യൂ. മനസ്സിൽ എന്തെല്ലാം അഭിപ്രായങ്ങൾ വരുന്നുണ്ടോ അത് പറയൂ ഇങ്ങനെയിങ്ങനെ ചെയ്യണം. ബാബ പറയും ചെയ്യൂ എന്ന്. പാവം മനുഷ്യർ വളരെ ദുഃഖിതരാണ്. ഈ സമയം എല്ലാം തമോപ്രധാനമായിരിക്കുകയാണ്. ഒരു വസ്തുവും സത്യമായിട്ടില്ല. അസത്യമായ മായ അസത്യമായ ശരീരം.... ഇപ്പോൾ നിങ്ങൾ സ്വർഗ്ഗവാസിയായിരിക്കുന്നു.

(ഗീതം – പുതിയ കാലത്തിന്റെ പൂമൊട്ടുകൾ) ഈ ഗീതത്തിൽ സീതയുടെ മഹിമ ചെയ്യുന്നു. സീത ഏത് ദേശത്തിലായിരുന്നോ, ആ ദേശം പവിത്രമായിരുന്നു. ആ ദേശത്തിൽ പിന്നെ രാവണൻ എവിടെ നിന്നു വന്നു? അത്ഭുതം ഇതാണ് പിന്നെ പറയുന്നു വാനരസേനയെ ഉപയോഗിച്ചുവെന്ന്. വാനര സേന എവിടെ നിന്ന് വന്നു! ഇവിടെയും മനുഷ്യരുടെ സൈന്യമാണ്. ഗവൺമെന്റ് വാനരന്മാരുടെ സൈന്യത്തെയെടുക്കുന്നില്ല. പിന്നെ അവിടെ വാനരന്മാരുടെ സൈന്യം എങ്ങനെ വന്നു? ഇത് പോലും മനസ്സിലാക്കുന്നില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സമ്പൂർണ്ണമാകുന്നതിന് വേണ്ടി ഓർമ്മയുടെ യാത്രയിലൂടെ തന്റെ വികർമ്മങ്ങളുടെ ഭാരത്തെ ഇറക്കണം, നല്ല ശീലങ്ങൾ ധാരണ ചെയ്യണം. സഭ്യതയോടു കൂടി വ്യവഹാരം ചെയ്യണം. വളരെ കുറച്ച് സംസാരിക്കണം.

2) ഒരു കാര്യത്തിലും സംശയ ബുദ്ധിയാവരുത്. ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിന്റെ സേവനത്തിൽ തന്റെ എല്ലാം സഫലമാക്കണം. ശിവബാബയുടെ മേൽ പൂർണ്ണമായും ബലിയാകണം.

## വരദാനം:- സർവ്വ ഖജനാവുകളെയും വിധി പൂർവ്വകം ശേഖരിച്ച് സമ്പൂർണ്ണതയുടെ സിദ്ധി പ്രാപ്തമാക്കുന്ന സിദ്ധി സ്വരൂപരായി ഭവിക്കൂ

63 ജന്മം എല്ലാ ഖജനാവുകളും വ്യർത്ഥമായി നഷ്ടപ്പെടുത്തി, ഇപ്പോൾ സംഗമയുഗത്തിൽ സർവ്വ ഖജനാവുകളെയും യഥാർത്ഥ വിധിപൂർവ്വം ശേഖരിക്കൂ, ശേഖരിക്കുന്നതിനുള്ള വിധിയാണ് – എന്തെല്ലാം ഖജനാവുകളാണോ ഉള്ളത് അവയെ സ്വയത്തെ പ്രതിയും മറ്റുള്ള വരെ പ്രതിയും ശുഭ വൃത്തിയോടെ കാര്യത്തിൽ ഉപയോഗിക്കൂ. കേവലം ബുദ്ധിയുടെ ലോക്കറിൽ ശേഖരിച്ചാൽ പോരാ എന്നാൽ ഖജനാവുകളെ കാര്യത്തിൽ ഉപയോഗിക്കൂ. അവയെ സ്വയത്തെ പ്രതി ഉപയോഗിക്കൂ, അല്ലെങ്കിൽ നഷ്ടപ്പെട്ട് പോകും അതുകൊണ്ട് യഥാർത്ഥ വിധിയിലൂടെ ശേഖരിക്കൂ, എങ്കിൽ സമ്പൂർണ്ണതയുടെ സിദ്ധി പ്രാപ്തമാക്കി സിദ്ധി സ്വരൂപരായി തീരും.

## സ്ലോഗൻ:- പരമാത്മാ സ്നേഹത്തിന്റെ അനുഭവമുണ്ടെങ്കിൽ ഒരു തടസ്സത്തിനും തടയാൻ സാധിക്കില്ല.